**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 506** **08-10-2024 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി ഇനത്തിൽ പരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | **റവന്യൂ വകുപ്പ്**<br><br>ജില്ലകളിൽ നിന്ന് ലഭിച്ച ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം സംസ്ഥാനത്ത് ലാന്റ് റവന്യൂ ഇനത്തിൽ നാളിതുവരെ 235.19 കോടി രൂപ വിവിധ ഇനങ്ങളിലായി പിരിഞ്ഞു കിട്ടാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു (അനുബന്ധം 1).<br><br>**എക്സൈസ് വകുപ്പ്**<br><br>എക്സൈസ് വകുപ്പിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാൻ തുകയൊന്നുമില്ല. എക്സൈസ് വകുപ്പിന്റെ എല്ലാ നികുതിയും, മുൻകൂറായി ഓൺലൈൻ സംവിധാനത്തിലൂടെ സമാഹാരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ പഴയ അബ്കാരി കുടിശിക ഇനത്തിൽ, 2024 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 64,54,57,574/- രൂപ മുതലും 240,28,97,942/- രൂപ പലിശയുമായി ആകെ 304,83,55,516/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്.<br><br>**രജിസ്ട്രേഷൻ വകുപ്പ്**<br><br>രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കി വരുന്നതിനാൽ നികുതി കുടിശ്ശിക പിരിഞ്ഞുകിട്ടാനില്ല. എന്നാൽ ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ, വില കുറച്ച് കാണിക്കുന്ന സാഹചര്യങ്ങളിൽ സബ് രജിസ്ട്രാർമാർ ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം കേരള സ്റ്റാമ്പ് ആക്ട് വകുപ്പ് 45(ബി) പ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾക്കായി ജില്ലാ രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. അപ്രകാരം സബ് രജിസ്ട്രാർ അണ്ടർ വാല്യുവേഷൻ റിപ്പോർട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ 1986 മുതൽ 2024 ആഗസ്റ്റ് 31 വരെയുള്ള കണക്കനുസരിച്ച് പിരിച്ചെടുക്കാൻ |

ബാക്കിയുള്ളത് 720.17 കോടി രൂപയാണ്. (ടി തുക കോമ്പൗണ്ടിംഗ് സ്കീം നടപ്പിലാക്കിയപ്പോൾ ഒഴിവാക്കിയ തുകയും, ജില്ലാ രജിസ്ട്രാർ അന്തിമ ഉത്തരവ് നൽകിയപ്പോൾ ഒഴിവാക്കിയ തുകയും ഉൾപ്പെടെയുള്ള തുകയാണ്).

**ചരക്കുസേവന നികുതി വകുപ്പ്**

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി. എസ്.ടി. ഇതരനിയമങ്ങൾ വാറ്റ്, കെ.ജി.എസ്.ടി., എ.ഐ.ടി. മുതലായവയുടെ കീഴിൽ 2023-24 സാമ്പത്തിക വർഷം, 31.03.2024 വരെ ഉള്ള കണക്കുകൾ പ്രകാരം 13559.45 കോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ള തുക .ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയും 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റു നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ഇനം തിരിച്ച് അനുബന്ധമായി **(അനുബന്ധം 2)** ചേർക്കുന്നു.

**ജി.എസ്.ടി. നികുതികുടിശ്ശിക**

2023-24 സാമ്പത്തിക വർഷം 31.03.2024 വരെ അഡ്ജ്യൂഡിക്കേഷൻ വഴി നിർണ്ണയിക്കപ്പെട്ട അഡീഷണൽ ഡിമാൻഡ് 2209.99 കോടി രൂപയാണ്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 987.29 കോടി രൂപയും 686.72 കോടി രൂപ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 535.98 കോടിരൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

2023-24 സാമ്പത്തിക വർഷം 31.03.2024 വരെ അസ്സസ്സ്മെന്റ് വഴി നിർണ്ണയിക്കപ്പെട്ട അഡീഷണൽ ഡിമാൻഡ് 1687.08 കോടി രൂപയാണ്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 1442.83 കോടി രൂപയും 43.12 കോടി രൂപ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 201.13 കോടി രൂപ മറ്റു നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു**(അനുബന്ധം 3).**

**ഗതാഗത വകുപ്പ്**

916.525 കോടി രൂപ നികുതികുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.
തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും, വിനോദ

| | | | |
|---|---|---|---|
| | | | സഞ്ചാരവകുപ്പിൽ നിന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | <u>**റവന്യൂ വകുപ്പ്**</u><br><br>ജില്ലകളിൽ നിന്ന് ലഭിച്ച ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം സംസ്ഥാനത്ത് ലാന്റ് റവന്യൂ ഇനത്തിൽ നാളിതുവരെ 235.19 കോടി രൂപ വിവിധ ഇനങ്ങളിലായി പിരിഞ്ഞു കിട്ടാനുണ്ട്. പ്രസ്തുത തുക സാമ്പത്തിക വർഷം അവസാനത്തോടുകൂടി പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്.<br><br><u>**എക്സൈസ് വകുപ്പ്**</u><br><br>എക്സൈസ് വകുപ്പിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാൻ തുകയൊന്നുമില്ല.<br><br><u>**രജിസ്ട്രേഷൻ വകുപ്പ്**</u><br><br>ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവ് വന്നതിനാലാണ് ലക്ഷ്യമിട്ട രീതിയിൽ നികുതി വരുമാനം പിരിച്ചെടുക്കാൻ കഴിയാതിരുന്നത്.<br><br><u>**ചരക്കുസേവന നികുതി വകുപ്പ്**</u><br><br>2017 ജൂലൈ മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി. നിയമം നടപ്പിലാക്കിയിട്ടുള്ളത്. ജി.എസ്.ടി. നടപ്പിലാക്കുന്ന ഘട്ടത്തിൽ സംസ്ഥാനം ലക്ഷ്യമിട്ടിരുന്നത് 14 ശതമാനം വാർഷിക നികുതി വളർച്ചയാണ്. സംസ്ഥാനത്തിന്റെ നികുതി പിരിവിന്റെ സിംഹഭാഗവും 14.5% അല്ലെങ്കിൽ അതിനു മുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും ജി.എസ്.ടി. നികുതി നിരക്ക് 28 ശതമാനം (CGST 14%, SGST 14%) ആയാണ് തുടക്കത്തിൽ നിശ്ചയിച്ചിരുന്നത്. എന്നാൽ ജി.എസ്.ടി. കൗൺസിൽ പല ചരക്കുകളുടെയും നികുതി നിരക്കുകൾ 18% ( CGST 9%, SGST 9%), 12% (CGST 6%, SGST 6%) എന്നീ രീതിയിൽ കുറവ് വരുത്തുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരവ് സാധ്യമാക്കാത്തതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ്.<br><br>2019-20, 2020-21 വർഷങ്ങളിൽ കോവിഡ് വ്യാപനം സാമ്പത്തിക വ്യവസ്ഥയെ ബാധിച്ചിട്ടുണ്ട്. ഇതു നികുതിപിരിവിനെയും ബാധിച്ചിട്ടുണ്ട്.<br><br>വകുപ്പിലെ പുന:സംഘടനയിലൂടെ സംസ്ഥാനത്തുടനീളം 47 എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ചരക്ക് വാഹനങ്ങളിലെ ബിൽ, |

ഇവേ ബിൽ പരിശോധനകളിലൂടെ നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് ചരക്ക് കടത്തുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ചരക്ക് സംസ്ഥാനത്തേക്ക് കടത്തുന്നത് തടയാൻ മൊബൈൽ ആപ്പ് വഴിയും ഇവേ ബിൽ ഒഫീഷ്യൽ സൈറ്റ് വഴിയും അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ. ക്യാമറ സംവിധാനം ഉപയോഗിച്ച് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വകുപ്പിനെ പ്രാപ്തമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഈ മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജി.എസ്.ടി.യെ സംബന്ധിച്ച് വ്യാപാരികൾ, നികുതി പ്രാക്ടീഷണേഴ്സ്, പൊതുജനങ്ങൾ, എന്നിവരിൽ അവബോധം സൃഷ്ടിക്കാനായി ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ്ആപ്പ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങൾ വഴി ജി.എസ്.ടി. റിട്ടേൺസ് കൃത്യ സമയത്ത് ഫയൽ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന വിവിധ പോസ്റ്ററുകൾ, മോഷൻ പോസ്റ്റേഴ്സ്, അനിമേഷൻ വീഡിയോസ്, വീഡിയോ ഇൻഫോഗ്രാഫിക്സ്, തുടങ്ങിയ കാമ്പയിനുകൾ സംഘടിപ്പിച്ചു. നികുതി വെട്ടിപ്പ് സംബന്ധിച്ച് വ്യാപാരികൾക്കും, പൊതുജനങ്ങൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനായി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയ വിവിധ കേസുകൾ സംബന്ധിച്ച പോസ്റ്ററുകൾ, വാർത്തകൾ എന്നിവ സാമൂഹിക മാധ്യമങ്ങൾ വഴി പ്രചാരണം നൽകി. ഇത് വഴി നികുതി വെട്ടിപ്പ് നടത്തിയാൽ ലഭിക്കുന്ന ശിക്ഷാ നടപടികളെക്കുറിച്ച് വ്യാപാരികൾക്കും, പൊതുജനങ്ങൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനും, നികുതി വെട്ടിപ്പ് തടയാനുമാകുന്നുണ്ട്.

**<u>ഗതാഗത വകുപ്പ്</u>**

പൊതുനിരത്തിൽ ഉപയോഗത്തിലില്ലാത്ത വാഹന നികുതി ശേഖരിക്കാവുന്നതല്ല. ഇപ്പോൾ ഉപയോഗത്തിലില്ലാത്തതും ഉടമയെ കണ്ടെത്തുവാൻ കഴിയാത്തതുമായ വാഹനങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കുന്നത് പ്രായോഗികമല്ല.

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും, വിനോദ സഞ്ചാരവകുപ്പിൽ നിന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (സി) | നികുതി പിരിച്ചെടുത്ത് തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | <u>**റവന്യൂ വകുപ്പ്**</u><br><br>റവന്യൂ വകുപ്പിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.<br><br><u>**എക്സൈസ് വകുപ്പ്**</u><br><br>എക്സൈസ് വകുപ്പിൽ ഓൺലൈൻ സംവിധാനത്തിലൂടെ നികുതി മുൻകൂറായി സമാഹരിക്കുന്നതുകൊണ്ട് നികുതി പിരിക്കുന്നതിന് മറ്റു പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ അബ്കാരി കുടിശിക പിരിച്ചെടുക്കുന്നതിനു വേണ്ടി 22.02.2023 തീയതിയിലെ സ. ഉ. (കൈ) നം.12/2023/TAXES നമ്പർ ഉത്തരവ് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് 31.07.2023 തീയതി വരെയും തുക ഒടുക്കുവരുത്തുന്നതിന് 31.12.2023 വരെയും കാലപരിധി നിശ്ചയിച്ചു കൊണ്ട് ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) എക്സൈസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. തുടർന്ന് 22. 08. 2023 തീയതിയിലെ സ. ഉ. (കൈ)നം. 88/2023/TAXES നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി ആംനെസ്റ്റി പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31. 01. 2024 വരെയും തുക ഒടുക്കു വരുത്തുന്നതിനുള്ള തീയതി 30.06.2024 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്. തുടർന്ന് സർക്കാർ ടി പദ്ധതിയുടെ കാലാവധി 15.07.2024 തീയതിയിലെ സ. ഉ. (കൈ) നം. 43/2024/TAXES നമ്പർ ഉത്തരവ് പ്രകാരം, അപേക്ഷ സ്വീകരിക്കുന്നതിന് 31.12.2024 തീയതി വരെയും തുക ഒടുക്കുവരുത്തുന്നതിന് 31.03.2025 വരെയും കാലപരിധി ദീർഘിപ്പിച്ചിട്ടുള്ളതാണ്.<br><br><u>**രജിസ്ട്രേഷൻ വകുപ്പ്**</u><br><br>രജിസ്ട്രേഷൻ വകുപ്പിന് വസ്തുവിന്റെ ആധാര രജിസ്ട്രേഷൻ ഇനത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി, ഫീസ് എന്നിവ ലഭിക്കുന്നത്. വസ്തുവിന് ഓരോ നിശ്ചിത കാലയളവിൽ നിർബന്ധമായും നികുതി ഈടാക്കുന്ന സാഹചര്യം രജിസ്ട്രേഷൻ വകപ്പിലില്ല. റവന്യൂ വകുപ്പാണ് പൊതുജനങ്ങളിൽ നിന്നും ഭൂനികുതി ഈടാക്കി സർക്കാർ ഖജനാവിൽ ഒടുക്കുന്നത്. എന്നാൽ ആധാര രജിസ്ട്രേഷൻ സമയത്ത് വസ്തുവിനോ, കെട്ടിടത്തിനോ വിലകുറച്ച് കാണിച്ച് ആധാരം രജിസ്റ്റർ ചെയ്തതായി രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ബോദ്ധ്യമാകുന്ന |

സാഹചര്യമുണ്ടാകുമ്പോൾ ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം കേരള സ്റ്റാമ്പ് ആക്റ്റ് വകുപ്പ് 45(ബി) പ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾക്കായി ജില്ലാ രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഇപ്രകാരം അണ്ടർവാല്യുവേഷൻ റിപ്പോർട്ട് ചെയ്ത കേസുകളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള നികുതി ലഭിക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയച്ച് കുറവ് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1986 മുതൽ മാർച്ച് 2017 വരെയുള്ള അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (കോമ്പൗണ്ടിംഗ് സ്കീം) നടപ്പാക്കുകയും ആയത് 31.03.2023-ൽ അവസാനിച്ചിട്ടുള്ളതുമാണ്. 2017 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കേസുകൾക്ക് ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. കുറഞ്ഞ വാടകതുക കാണിച്ച് പാട്ടകരാർ രജിസ്റ്റർ ചെയ്യുന്നതിലൂടെ സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാട്ടകരാറുകൾക്ക് വാടകത്തുക കൂടാതെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്ര വില, ഫീസ് എന്നിവ കണക്കാക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷത്തിലെ ഫിനാൻസ് ആക്റ്റ് ഭേദഗതി വരുത്തുകയുണ്ടായി.

**ചരക്കുസേവന നികുതി വകുപ്പ്**

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ജി എസ് ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു വകുപ്പിന്റെ പുന:സംഘടനയിൽ ഇതിനായി എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട്.

നികുതി കുടിശ്ശിക പിരിവു കാര്യക്ഷമമാക്കുന്നതിനു ഈ വർഷത്തെ ബഡ്ജറ്റിൽ ജി എസ് ടി നിയമം നിലവിൽ വരുന്നതിനു മുൻപുള്ള ചില നിയമത്തിനു കീഴിൽ വരുന്ന നികുതികുടിശ്ശിക തീർപ്പാക്കുന്നതിലേക്കും ആംനസ്റ്റി പദ്ധതി

പ്രഖ്യാപിച്ചിട്ടുണ്ട്.പുന:സംഘടനയെ തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുകയും വകുപ്പിന്റെ പ്രവർത്തനങ്ങൾ ടാക്സ്പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ് മെന്റ് എന്നീ മൂന്ന് വിഭാഗങ്ങളായി പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാർക്ക് പ്രസ്തുത വിഭാഗത്തിന് അനുസൃതമായ രീതിയിൽ മികച്ച പരിശീലനം നൽകിവരുന്നതിലൂടെ നികുതിദായകർക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുമുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അത് വഴി വരുമാനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

വകുപ്പിലെ പുന:സംഘടനയിലൂടെ സംസ്ഥാനത്തുടനീളം 47 എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ചരക്ക് വാഹനങ്ങളിലെ ബിൽ, ഇവേ ബിൽ പരിശോധനകളിലൂടെ നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് ചരക്ക് കടത്തുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ചരക്ക് സംസ്ഥാനത്തേക്ക് കടത്തുന്നത് തടയാൻ മൊബൈൽ ആപ്പ് വഴിയും ഇവേ ബിൽ ഒഫീഷ്യൽ സൈറ്റ് വഴിയും അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ. ക്യാമറ സംവിധാനം ഉയോഗിച്ചും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ഇതുവഴി സേവന മേഖലയിലെ നികുതി പിരിവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വകുപ്പിനെ പ്രാപ്തമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഈ മേഖലയിൽ വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം ഓപ്പറേഷൻ ഫണം, ഓപ്പറേഷൻ പാം ട്രീ, ഓപ്പറേഷൻ ഗുഅപോ എന്നീ പേരുകളിൽ നികുതി വെട്ടിപ്പ് കണ്ടെത്താൻ തിരച്ചിൽ നടത്തുകയുണ്ടായി. ആക്രിമേഖല, റെസ്റ്റോറന്റ് മേഖല, മേക്കപ്പ് ആർട്ടിസ്റ്റ് മേഖലയിൽ നിന്നുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടെത്തിയത്.

ജി.എസ്.ടി.യെ സംബന്ധിച്ച് വ്യാപാരികൾ, നികുതി പ്രാക്ടീഷണേഴ്സ്, പൊതുജനങ്ങൾ എന്നിവരിൽ അവബോധം സൃഷ്ടിക്കാനായി ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ് ആപ്പ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങൾ വഴി ജി.എസ്.ടി. റിട്ടേൺസ് കൃത്യ

| | | | |
|---|---|---|---|
| | | | സമയത്ത് ഫയൽ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന വിവിധ പോസ്റ്ററുകൾ, മോഷൻ പോസ്റ്റേഴ്സ്, അനിമേഷൻ വീഡിയോസ്, വീഡിയോ ഇൻഫോഗ്രാഫിക്സ് തുടങ്ങിയ കാമ്പയിനുകൾ സംഘടിപ്പിച്ചു. നികുതി വെട്ടിപ്പ് സംബന്ധിച്ച് വ്യാപാരികൾക്കും, പൊതുജനങ്ങൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനായി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയ വിവിധ കേസുകൾ സംബന്ധിച്ച പോസ്റ്ററുകൾ, വാർത്തകൾ എന്നിവ സാമൂഹിക മാധ്യമങ്ങൾ വഴി പ്രചാരണം നൽകി. ഇത് വഴി നികുതി വെട്ടിപ്പ് നടത്തിയാൽ ലഭിക്കുന്ന ശിക്ഷാ നടപടികളെക്കുറിച്ച് വ്യാപാരികൾക്കും, പൊതുജനങ്ങൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനും, നികുതി വെട്ടിപ്പ് തടയാനുമാകുന്നുണ്ട്.<br><br>ടാക്സ്പെയർ സർവീസസ് വിഭാഗം, നികുതി ദായകർക്ക് സേവനം നൽകുകയും അവർ യഥാസമയം റിട്ടേണുകൾ ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുകയും, ഫയൽ ചെയ്യപ്പെട്ട റിട്ടേണുകൾ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>ഓഡിറ്റ് വിഭാഗം, നികുതി ദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരം തിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ, GST നിയമം അനുശാസിക്കുന്ന രീതിയിലുള്ള ഓഡിറ്റ് നടത്തി, നികുതി ദായകരുടെ ബുക്കുകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് ആയത് ഫയൽ ചെയ്യപ്പെട്ട റിട്ടേണുകളുമായി താരതമ്യം ചെയ്ത് നികുതിചോർച്ച കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.<br><br>**<u>ഗതാഗത വകുപ്പ്</u>**<br><br>ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി നടപ്പാക്കി കുടിശ്ശിക നിവാരണം ഫലപ്രദമായി നടത്തിവരുന്നുണ്ട്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും, വിനോദ സഞ്ചാരവകുപ്പിൽ നിന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1</u>

| ആകെ മുതൽ (as per August dcb) | സ്റ്റേ ഉൾപ്പെടെ ആകെ കുറവ് (as per August dcb) | പിരിക്കാവുന്ന മുതൽ (as per August dcb) | ആകെ പിരിവ് (as per August dcb) | പിരിക്കാൻ ബാക്കി നിൽക്കുന്ന തുക(as per August dcb) |
|---|---|---|---|---|
| (രൂപ കോടിയിൽ) | | | | |
| 1114.24 | 527.59 | 586.65 | 351.46 | 235.19 |

സെക്ഷൻ ഓഫീസർ.

2023.03.11 16:29

അനുബന്ധം 2

| ഇനം | കടിശ്ശിക 31.03.2024 വരെ (കോടി രൂപ) | സ്റ്റേ (കോടി രൂപ) | റവന്യൂ റിക്കവറി (കോടി രൂപ) | മറ്റു നടപടികൾ (റൈറ്റ് ഓഫ് അപ്പീൽ, നോട്ട് കളക്റ്റിബിൾ, എൻ.ആർ.സി) (കോടി രൂപ) |
|---|---|---|---|---|
| VAT | 11293.08 | 4295.4 | 5753.25 | 1244.43 |
| KGST | 2227.66 | 805.87 | 1114.22 | 307.57 |
| AIT | 38.71 | 4.92 | 17.55 | 16.24 |
| ആകെ | **13559.45** | **5106.19** | **6885.02** | **1568.24** |

Jasmin

സെക്ഷൻ ഓഫീസർ.

2023.03.11 16:29

<u>അനുബന്ധം 3</u>

| ഇനം | ജി എസ് ടി നികുതികുടിശ്ശിക 31.03.2024 വരെ (കോടി രൂപ) | സ്റ്റേ (കോടി രൂപ) | റവന്യൂ റിക്കവറി(കോടി രൂപ) | മറ്റ് നടപടികൾ(റൈറ്റ് ഓഫ് അപ്പീൽ, നോട്ട് കളക്റ്റിബിൾ, എൻ.ആർ.സി) (കോടി രൂപ) |
|---|---|---|---|---|
| ജി എസ് ടി നികുതി കുടിശ്ശിക (അഡ്ജ്യൂഡിക്കേഷനിൽ) | 2209.99 | 686.72 | 987.29 | 535.98 |
| ജി എസ് ടി നികുതി കുടിശ്ശിക (അസ്സെസ്സ്മെന്റ്) | 1687.08 | 43.12 | 1442.93 | 201.13 |
| ആകെ | **3897.07** | **729.84** | **2430.12** | **737.11** |

സെക്ഷൻ ഓഫീസർ.

2023.03.11 16:29